കേരള സർക്കാർ

# ഗവൺമെൻ്റ് മെഡിക്കൽ കോളേജ്, കോട്ടയം



# വിവിധ പദ്ധതികളുടെ ഉദ്ഘാടനവും ശിലാസ്ഥാപനവും

**16- 02- 2026, 3PM, ആശുപത്രി അങ്കണത്തിൽ**

# കേരള സർക്കാർ
# ഗവൺമെൻറ് മെഡിക്കൽ കോളേജ്, കോട്ടയം

# വിവിധ പദ്ധതികളുടെ ഉദ്ഘാടനവും ശിലാസ്ഥാപനവും

മാന്യ മിത്രമെ,

1962 ൽ സ്ഥാപിതമായ കോട്ടയം മെഡിക്കൽ കോളേജിൽ കഴിഞ്ഞ പത്ത് വർഷക്കാലമായി 1200 കോടിയിലധികം മുതൽ മുടക്കി വിവിധങ്ങളായ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി. ഈ 10 വർഷത്തിൽ ഇതിനകം തന്നെ 90 വിവിധ പദ്ധതികൾ ആരംഭിച്ച് വിജയകരമായി നടപ്പിലാക്കി. പ്രധാനമന്ത്രിയുടെ ആരോഗ്യമന്ഥൻ 3.0 അവാർഡ്, കേരള ഗവൺമെന്റ് ഏർപ്പെടുത്തയിരുന്ന മെഡിസെപ്പിന്റെ Best Performance Award, കേരളത്തിൽ മെഡിക്കൽ കോളേജുകളിൽ ആദ്യമായി NABH അംഗീകാരമുള്ള എമർജൻസി മെഡിസിൻ വിഭാഗം, Laqshya Accreditation, MBFHI സർട്ടിഫിക്കേഷൻ, KUHS A+ Accreditation, NABL എന്നിങ്ങനെയുള്ള അംഗീകാരങ്ങൾ ലഭിച്ച് വളരെ സ്തുത്യർഹമായ പ്രവർത്തനം കാഴ്ച വയ്ക്കുന്ന ഈ സ്ഥാപനത്തിന്റെ വികസനക്കുതിപ്പിലെ ഒരു പുതിയ അധ്യായവുംകൂടി രചിച്ചുകൊണ്ട് 2026 ഫെബ്രുവരി 16ന് 283.60 കോടി അടങ്കൽ തുക വരുന്ന വിവിധ പദ്ധതികൾ ഉദ്ഘാടനം ചെയ്യപ്പെടുകയാണ്. 256 സ്ലൈസ് സി.ടി. സ്കാൻ, 3 ടെസ്ല എം.ആർ.ഐ, 14 ഓപ്പറേഷൻ തീയറ്ററുകൾ തുടങ്ങിയ ആധുനിക സൗകര്യങ്ങളോടു കൂടിയ സർജിക്കൽ ബ്ലോക്ക് (257 കോടി), കാത്ത് ലാബ് (7.8 കോടി) ഉൾപ്പെടെ 15 പദ്ധതികൾ ആണ് ഉദ്ഘാടനം ചെയ്യപ്പെടുന്നത്.

ബഹു. ആരോഗ്യവും, വനിത ശിശുവികസനവും വകുപ്പ് മന്ത്രി **ശ്രീമതി വീണാ ജോർജിന്റെ** അദ്ധ്യക്ഷതയിൽ ചേരുന്ന സമ്മേളനത്തിൽ **ബഹു: മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടന കർമ്മം** നിർവ്വഹിക്കുന്നതാണ്.

തദവസരത്തിൽ എല്ലാവരുടെയും സാന്നിദ്ധ്യവും സഹകരണവും അഭ്യർത്ഥിച്ചു കൊള്ളുന്നു.

**ശ്രീ വി. എൻ. വാസവൻ**
(ബഹു: സഹകരണ, തുറമുഖ, ദേവസ്വം വകുപ്പ് മന്ത്രി,കേരള സർക്കാർ, ഏറ്റുമാനൂർ നിയമസഭാംഗം
സ്വാഗത സംഘം ചെയർമാൻ)

**ഡോ രാജൻ ഖോബ്രഗഡെ** IAS
(അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ്, കേരള സർക്കാർ)

**ശ്രീ. ചേതൻ കുമാർ മീണ**
(ജില്ലാ കളക്ടർ, കോട്ടയം)

**ഡോ. വർഗീസ് പി. പുന്നൂസ്**
(പ്രിൻസിപ്പൽ, മെഡിക്കൽ കോളേജ് കോട്ടയം)

**ഡോ വിശ്വനാഥൻ കെ. വി.**
(മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, കേരള സർക്കാർ)

**ഡോ. ജയകുമാർ ടി.കെ.**
(സൂപ്രണ്ട്, മെഡിക്കൽ കോളേജ് കോട്ടയം)

## കാര്യപരിപാടി

**കോട്ടയം ഗവ. മെഡിക്കൽ കോളേജ്, ആശുപത്രി അങ്കണത്തിൽ**

**16–02–2026, 3PM**

| | |
|---|---|
| സ്വാഗതഗാനം | |
| സ്വാഗത പ്രസംഗം | **ശ്രീ.വി. എൻ. വാസവൻ** (ബഹു.സഹകരണ-ദേവസ്വം-തുറമുഖ വകുപ്പ് മന്ത്രി, ഏറ്റുമാനൂർ നിയമസഭാംഗം, സ്വാഗതസംഘം ചെയർമാൻ) |
| വികസന പ്രവർത്തനറിപ്പോർട്ട് | **ഡോ. ജയകുമാർ റ്റി.കെ.** (സൂപ്രണ്ട്, മെഡിക്കൽ കോളേജ് കോട്ടയം) |
| അദ്ധ്യക്ഷ പ്രസംഗം | **ശ്രീമതി.വീണാ ജോർജ്** (ബഹു. ആരോഗ്യവും, വനിത ശിശുവികസനവും വകുപ്പ് മന്ത്രി) |
| **ഉദ്ഘാടനവും ശിലാസ്ഥാപനവും** | **ശ്രീ. പിണറായി വിജയൻ** (ബഹു. കേരളാ മുഖ്യമന്ത്രി) |
| മുഖ്യപ്രഭാഷണം | **ശ്രീ.ഫ്രാൻസിസ് ജോർജ് എം.പി** |
| | **ശ്രീ. ജോസ് കെ.മാണി എം.പി** |
| ആശംസകൾ | **ശ്രീ. ജോഷി ഫിലിപ്പ്** (ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്) |
| | **ശ്രീ. ചേതൻ കുമാർ മീണ IAS** (ബഹു. ജില്ലാ കളക്ടർ, കോട്ടയം) |
| | **ഡോ.വിശ്വനാഥൻ കെ.വി.** (മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ) |
| | **ശ്രീ. ജിം അലക്സ്** (ജില്ലാ പഞ്ചായത്ത് മെമ്പർ) |
| | **ശ്രീ. സി. ജയ്മോൻ** (ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ഏറ്റുമാനൂർ) |
| | **ശ്രീ.ആനന്ദ് പഞ്ഞിക്കാരൻ** (പ്രസിഡന്റ്, ആർപ്പൂക്കര ഗ്രാമപഞ്ചായത്ത് ) |
| | **ശ്രീമതി. സജി ഒ.എ.** (പ്രസിഡന്റ്, അതിരമ്പുഴ ഗ്രാമപഞ്ചായത്ത്) |
| | **ശ്രീമതി. മറിയാമ്മ ഫിലിപ്പ്** (ബ്ലോക്ക് പഞ്ചായത്ത് മെമ്പർ) |
| | **ശ്രീമതി. റോസിലി ടോമിച്ചൻ** (മെമ്പർ, മെഡിക്കൽ കോളേജ് വാർഡ്) |
| സാന്നിദ്ധ്യം | **ഡോ.എൻ. പ്രിയ** (ജില്ലാ മെഡിക്കൽ ഓഫീസർ) |
| | **ശ്രീ. അരവിന്ദ് സച്ചിൽ** (എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി) |
| | **ഡോ. വ്യാസ് സുകുമാരൻ** (ജില്ലാ പ്രോഗ്രാം മാനേജർ, എൻ.എച്ച്.എം) |
| | **ഡോ.കണ്ണൻ വി.പി.** (പ്രിൻസിപ്പൽ, ഗവ. ഡന്റൽ കോളേജ്, കോട്ടയം) |
| | **ഡോ.ലിനി ജോസഫ്** (പ്രിൻസിപ്പൽ, ഗവ.നേഴ്സിംഗ് കോളേജ്, കോട്ടയം) |
| | **ഡോ. രാധ ടി.ആർ.** (വൈസ് പ്രിൻസിപ്പൽ) |
| | **ഡോ.ജയപ്രകാശ് കെ.പി** (സൂപ്രണ്ട്, കുട്ടികളുടെ ആശുപത്രി) |
| | **ശ്രീമതി. ഉഷ പി.കെ.** (ചീഫ് നേഴ്സിംഗ് ഓഫീസർ) |
| | **ശ്രീ.സി.ജെ. ജോസഫ്** (ഡി.സി.എച്ച്., പ്രസിഡന്റ്) |
| കൃതജ്ഞത | **ഡോ. വർഗീസ് പി. പുന്നൂസ്** (പ്രിൻസിപ്പൽ) |
| **ദേശീയഗാനം** | |

## 1. സർജിക്കൽ ബ്ലോക്ക് – 257 കോടി

കോട്ടയം മെഡിക്കൽ കോളജിലെ Surgery, Orthopedics, ENT, Anaesthesiology, Radio Diagnosis എന്നീ ഡിപ്പാർട്ടുമെന്റുകളുടെ പ്രവർത്തനങ്ങൾക്ക് ഉതകുംവിധം എട്ടു നിലകളിലായി 33,642m² വിസ്തീർണ്ണത്തിൽ KIIFB യുടെ സാമ്പത്തിക സഹായത്തോടെ നിർമ്മിച്ച ഈ കെട്ടിടത്തിൽ 526 കിടക്കകളും 44 ICU കിടക്കകളും ഉണ്ട്. OT Intergration ഉൾപ്പെടെയുള്ള ആധുനിക സംവിധാനത്തോടെ നിർമ്മിച്ച 14 Modular Operation Theater, മെഡിക്കൽ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിക്കൊണ്ട് ഉള്ള അധ്യാപക ഇടങ്ങൾ, Demonstration Rooms, വിശാലമായ Sterilization Departments എന്നിവയ്ക്കു പുറമെ 256 Slice CT Scan, 3 Tesla MRI, Advanced DR (X-ray) Machine, Fluroscopy മുതലായ അത്യാധുനിക ഉപകരണങ്ങളോടു കൂടിയ Radio Diagnosis വിഭാഗവും സജ്ജമാണ്.

## 2. മെയിൻ ഗേറ്റ് – 1.23 കോടി

കോട്ടയം മെഡിക്കൽ കോളേജ് വജ്ര ജൂബിലിയുമായി ബന്ധപ്പെട്ട് നടന്ന വികസന പ്രവർത്തനങ്ങളുടെ ഭാഗമായി പ്രധാനകവാടം (Main gate) അക്രെഡിറ്റഡ് ഏജൻസി ആയ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനത്തിന് സജ്ജമായിരിക്കുന്നു. അത്യാഹിത വിഭാഗത്തിന് പ്രത്യേകമായി പ്രവേശന കവാടം വേണമെന്ന ശാസ്ത്രീയ അടിസ്ഥാനത്തിൽ നിർമ്മിച്ച ഈ പ്രധാന കവാടം സ്ഥാപനത്തിന്റെ പ്രൗഢിയും പ്രാധാന്യവും വിളിച്ചോതുന്ന രീതിയിൽ നിർമ്മിക്കുന്നതിന് ജില്ലാ കോപ്പറേറ്റീവ് ആശുപത്രി 60.71 ലക്ഷം രൂപ സംഭാവന നൽകിയിട്ടുണ്ട്. ബാക്കി തുകയായ 62 ലക്ഷം രൂപ HDS ൽ നിന്ന് കണ്ടെത്തി.

## 3. കാത്ത് ലാബ് – 7.88 കോടി

ഇന്ത്യയിൽ തന്നെ ഏറ്റവും അധികം Cardiology Intervention Procedures ചെയ്യുന്ന കാർഡിയോളജി വിഭാഗത്തിൽ രണ്ടാമത്തെ കാത്ത് ലാബ് പ്ലാൻ ഫണ്ടിൽ നിന്നും 7.88 കോടി രൂപ വകയിരുത്തി സ്ഥാപിച്ചിരിക്കുന്നു.

## 4. 32 സ്ലൈസ് സി ടി സ്കാൻ – 4.28 കോടി

2022-23, 2024-25 പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ച 4.28 കോടി രൂപ മുടക്കി കാൻസർ ബ്ലോക്കിൽ സ്ഥാപിച്ച 32 സ്ലൈസ് സി ടി സ്കാൻ പ്രവർത്തന സജ്ജമായിരിക്കുന്നു.

## 5. സ്കിൻ ബാങ്ക് – 64.57 ലക്ഷം

ദാതാക്കളിൽ നിന്നെടുക്കുന്ന ചർമ്മം അണു വിമുക്തമാണെന്ന് ഉറപ്പു വരുത്തിയ ശേഷം ദീർഘകാലം കേടുകൂടാതെ സൂക്ഷിക്കുവാനുള്ള സംവിധാനമാണ് ചർമ്മ ബാങ്ക് അഥവാ സ്കിൻ ബാങ്ക്. തീപ്പൊള്ളലോ ചില അസുഖങ്ങളോ മൂലം വലിയ അളവിൽ ചർമ്മം നഷ്ടപ്പെടുന്ന അവസ്ഥയിൽ ദാതാവിന്റെ ചർമ്മം ഒരു ആവരണമായി പ്രവർത്തിച്ച്, രോഗിക്കുണ്ടാകുന്ന നിർജ്ജലീകരണം, അണുബാധ എന്നിവയെ ഒരളവുവരെ തടയുകയും അങ്ങനെ മരണ നിരക്ക് കുറയ്ക്കുകയും ചെയ്യുന്നു. കോട്ടയം മെഡിക്കൽ കോളേജിൽ കേന്ദ്ര-സംസ്ഥാന സഹകരണത്തോടെ 2022 ജനുവരിയിൽ പ്ലാസ്റ്റിക് സർജറി വിഭാഗത്തിന്റെ ഭാഗമായി സ്ഥാപിതമായ പൊള്ളൽ തീവ്രപരിചരണ വിഭാഗം നാലാം വർഷം പൂർത്തിയാക്കുമ്പോൾ 700-ൽ അധികം രോഗികൾ ഇവിടെ ചികിത്സ തേടിക്കഴിഞ്ഞു. മധ്യകേരളത്തിലെ അഞ്ചു ജില്ലകൾക്ക് അഭയമായ ഈ വിഭാഗത്തിൽ മുന്നൂറ്റമ്പതിലേറെ പൊള്ളൽ ശസ്ത്രക്രിയകൾ നടന്നിട്ടുണ്ട്. പൊള്ളൽ ചികിത്സ സാധാരണക്കാർക്ക് പ്രാപ്യമാക്കാൻ വേണ്ടിയുള്ള NPPMBI എന്ന ദേശീയ പദ്ധതിയുടെ ഭാഗമായി മികവുറ്റ പൊള്ളൽ പരിചരണ യൂണിറ്റ് തുടങ്ങാൻ കോട്ടയം മെഡിക്കൽ കോളേജിനു ലഭിച്ച 6.07 കോടി രൂപയിൽ നിന്നും 64,57,000/ രൂപ വിനിയോഗിച്ചാണ് പൊള്ളൽ പരിചരണ വിഭാഗത്തോടു ചേർന്ന് ആധുനിക സൗകര്യങ്ങളോടെയുള്ള ചർമ്മ ബാങ്ക് സജ്ജമാക്കിയിരിക്കുന്നത്. സംസ്ഥാനത്ത് രണ്ടാമതായി ആരംഭിക്കുന്ന ഈ ചർമ്മ ബാങ്ക് കോട്ടയം മെഡിക്കൽ കോളേജിലെ പൊള്ളൽ ചികിത്സയുടെ നിലവാരം ഉയർത്തുകയും മരണനിരക്ക് കുറയ്ക്കുകയും ചെയ്യും എന്ന് നിസ്സംശയം പറയാം.

## 6. പാരാമെഡിക്കൽ ഹോസ്റ്റൽ – ഒന്നാം ഘട്ടം – 6 കോടി

2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ 6 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ച 4 നിലകളിലായി 5290 ച. മീ. വിസ്തീർണ്ണത്തിൽ നിർമ്മിക്കുന്ന ടി കെട്ടിടത്തിന്റെ ആദ്യഘട്ട നിർമ്മാണം പൂർത്തിയായി പ്രവർത്തന സജ്ജമായിരിക്കുന്നു. ടി കെട്ടിടത്തിൽ 200 കിടക്കകൾ സജ്ജീകരിക്കുന്നതിനുള്ള മുറികളും, റീഡിംഗ് റൂം, ഡൈനിംഗ് ഹാൾ, കിച്ചൺ, ശുചിമുറികൾ, അതിഥികൾക്കായുള്ള മുറികൾ, ലിഫ്റ്റ് സൗകര്യം തുടങ്ങിയവയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ കെട്ടിടത്തിന്റെ ആദ്യഘട്ട നിർമ്മാണ പ്രവൃത്തിയിൽ ആകെ 5 ബ്ലോക്കുകളുള്ള കെട്ടിടത്തിന്റെ 2 ബ്ലോക്കുകളുടെ ആദ്യ 2 നിലകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 60 കുട്ടികൾക്കും, അനുബന്ധ ജീവനക്കാർക്കുമായി 25 മുറികൾ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ ടോയിലറ്റ് ബ്ലോക്കും, സ്റ്റെയർകേസ് റൂമും, വെയിറ്റിംഗ് ഏരിയയും ഉൾപ്പെടുത്തിയിട്ടുണ്ട്.

## 7. നവീകരിച്ച ഒ.പി – ഗ്രൗണ്ട് ഫ്ളോർ – 1.25 കോടി

കോട്ടയം ഗവ. മെഡിക്കൽ കോളേജിൽ പഴയ ഒ.പി. ബ്ലോക്കിലെ ഗ്രൗണ്ട് ഫ്ളോറിന്റെ നവീകരണ പ്രവൃത്തിക്കായി 1.2578 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചു. ടി പ്രവൃത്തിയിൽ സൈക്യാട്രി & ENT OP കളുടെയും, പ്രധാന പ്രവേശന കവാടം, നേഴ്സിംഗ് സൂപ്രണ്ട് ഓഫീസിലേയ്ക്കുള്ള പാസ്സേജ് എന്നിവയുടെ Flooring, Painting എന്നീ പ്രവൃത്തികൾ ഉൾപ്പെടെയുള്ള നവീകരണ വേലകൾ, കൂടാതെ waiting area യുടെ നിർമ്മാണവും ഉൾപ്പെടെ മേൽ പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തന സജ്ജമായിരിക്കുന്നു.

## 8. MNCU (Mother Newborn Care Unit), ഉപകരണങ്ങൾ NHM - 1 കോടി 20 ലക്ഷം

NHM അനുവദിച്ച 1.20 കോടി രൂപ ഉപയോഗിച്ച് ഗൈനക്കോളജി വിഭാഗത്തിൽ പൂർത്തീകരിച്ച അമ്മയെയും കുഞ്ഞിനെയും വേർപെടുത്താത്ത, നവജാത ശിശുവിന്റെ പരിചരണത്തിൽ അമ്മയുടെ പങ്കാളിത്തവും, അമ്മയെ പ്രാപ്തമാക്കുകയും ചെയ്യുന്ന പദ്ധതിയാണ് ഇത്.

നവജാത ശിശുക്കളുടെ പരിചരണം ആവശ്യമുള്ള, രോഗികളുമായ കുഞ്ഞുങ്ങൾ ഉൾപ്പെടെ അമ്മയെയും കുഞ്ഞിനെയും 'വേർപെടുത്തരുത്' എന്നതാണ് ഈ സംരംഭത്തിന്റെ ലക്ഷ്യം. സ്വന്തം നവജാത ശിശുവിന്റെ വികസനത്തിന് സഹായകമായ പരിചരണത്തിൽ പങ്കാളിയാകാൻ അമ്മയെ പ്രാപ്തയാക്കുമ്പോൾ, അമ്മയെയും നവജാത ശിശുവിനെയും ഒരുമിച്ച് പരിപാലിക്കണം എന്ന ഉദ്ദേശ്യത്തോടെ ഉള്ള പദ്ധതി.

## 9. Comprehensive Lactation Management Centre (CLMC) - 64.2 ലക്ഷം

Comprehensive Lactation Management Centre (CLMC) ദാതാക്കളുടെ മുലപ്പാൽ ശേഖരിക്കുന്നതിനും, പരിശോധിക്കുന്നതിനും, സംസ്കരിക്കുന്നതിനും, സംഭരിക്കുന്നതിനും, വിതരണം ചെയ്യുന്നതിനുമായി സ്ഥാപിതമായ ഒരു വിപുലമായ സംവിധാനമാണ്. മുലയൂട്ടലും കംഗാരു മാതൃപരിചരണവും പ്രോത്സാഹിപ്പിക്കുന്നതിനും പിന്തുണയ്ക്കുന്നതിനുമുള്ള ഈ ശിശു സൗഹൃദ പദ്ധതി നിർമ്മാണം പൂർത്തിയായി ഉദ്ഘാടന സജ്ജമായിരിക്കുന്നു. ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി Rs.19.2 ലക്ഷം രൂപയും, ഉപകരണങ്ങൾക്കായി Rs. 45 ലക്ഷം രൂപയും അനുവദിച്ചു.

## 10. Creche 60 ലക്ഷം

കോട്ടയം ഗവ. മെഡിക്കൽ കോളേജിലെ 50 കുട്ടികൾക്കായുള്ള ക്രഷ് നിർമ്മാണ പ്രവൃത്തിയ്ക്കായി 60,00,000/ രൂപയ്ക്ക് ഭരണാനുമതിയും, 60,00,000/ രൂപയ്ക്ക് സാങ്കേതികാനുമതിയും ലഭിച്ചിരുന്നു. ടി പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തന സജ്ജമായിരിക്കുന്നു. 50 കുട്ടികൾക്ക് multi purpose hall, play area, dining area, feeding room, kitchen, changing room for staff, toilet and wash area എന്നീ സൗകര്യങ്ങൾ ഇതിലൂടെ ലഭ്യമാകുന്നു .

## 11. നിർമ്മാണോദ്ഘാടനം :

**പുതിയ ടോയ്ലറ്റ് ബ്ലോക്ക് – എ ബി സി ബ്ലോക്ക് – 74 ലക്ഷം**

കോട്ടയം ഗവ. മെഡിക്കൽ കോളേജിലെ എ.ബി.സി. ബ്ലോക്കിലെ വാർഡ് 2, 6, 9 എന്നിവയുടെ സമീപത്ത് പുതിയ ടോയിലറ്റ് ബ്ലോക്ക് നിർമ്മാണ പ്രവൃത്തിയ്ക്കായി 74,00,000/ രൂപയ്ക്ക് ഭരണാനുമതിയും, 74,00,000/ രൂപയ്ക്ക് സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. 3 നിലകളിലായി പൂർത്തിയാക്കുന്ന പ്രസ്തുത toilet complexന്റെ നിർമ്മാണം പൂർത്തിയാകുമ്പോൾ ഓരോ നിലയിലും 6 ബാത്ത് റൂമുകൾ, 8 ടോയിലറ്റുകൾ എന്നിവ വീതം സജ്ജീകരിക്കുവാൻ കഴിയും. പ്രസ്തുത നിർമ്മാണം പൂർത്തിയാകുന്നതു വഴി എ.ബി.സി. ബ്ലോക്കിലെ പ്രധാന ടോയിലറ്റ് പ്രശ്നങ്ങൾക്ക് പരിഹാരമാവുന്നതാണ്.

### മറ്റ് പ്രധാന പദ്ധതികൾ

**12. ഉപകരണങ്ങൾ** - കാർഡിയാക് റീഹാബിലിറ്റേഷൻ യൂണിറ്റ് - കാർഡിയോളജി ആൻഡ് കാർഡിയോതൊറാസിക് ബ്ലോക്ക് - CSR ഫണ്ട് കൊച്ചിൻ ഷിപ്യാർഡ് ലിമിറ്റഡ് - 44 ലക്ഷം, കൊച്ചിൻ ഷിപ്യാർഡ് ലിമിറ്റഡ് അനുവദിച്ച CSR ഫണ്ട് 44 ലക്ഷം രൂപ ഉപയോഗിച്ച് വാങ്ങിയ വിവിധ ഉപകരണങ്ങൾ പ്രവർത്തന സജ്ജമായിരിക്കുന്നു. ഇതിലൂടെ രോഗികൾക്ക് നൂതനമായ തുടർ പരിചരണം നൽകാൻ സാധിക്കുന്നു.

**13. എക്കോ മെഷീൻ** - കാർഡിയോളജി വിഭാഗം - കെ ചിറ്റിലപ്പിള്ളി ഫൌണ്ടേഷൻ ഫണ്ട് - 37 ലക്ഷം കെ ചിറ്റിലപ്പിള്ളി ഫൌണ്ടേഷന്റെ ഫൌണ്ടേഷൻ ഫണ്ടിൽ നിന്നും അനുവദിച്ച 37 ലക്ഷം രൂപ ഉപയോഗിച്ച് വാങ്ങിയ എക്കോ മെഷീൻ പ്രവർത്തന സജ്ജമായിരിക്കുന്നു.

**14. സി ആം മെഷീൻ** - യൂറോളജി വിഭാഗം - 27 ലക്ഷം. HDS ഫണ്ടായ 27 ലക്ഷം രൂപ ഉപയോഗിച്ച് വാങ്ങിയ യൂറോളജി വിഭാഗത്തിലെ ആധുനിക ചികിത്സക്ക് അത്യന്താപേക്ഷിതമായ സി ആം മെഷീൻ പ്രവർത്തന സജ്ജമായിരിക്കുന്നു.

**15. വെൻറിലേറ്റർ** - CSR ഫണ്ട് - എസ് ബി ഐ - 83.42 ലക്ഷം. എസ് ബി ഐ യുടെ - CSR ഫണ്ടിൽ നിന്നും അനുവദിച്ച 83.42 ലക്ഷം രൂപ ഉപയോഗിച്ച് വാങ്ങിയ വെൻറിലേറ്ററുകൾ ഹൃദയ ശസ്ത്രക്രിയാ വിഭാഗത്തിൽ പ്രവർത്തന സജ്ജമായിരിക്കുന്നു.














GOVERNMENT MEDICAL COLLEGE KOTTAYAM



